നം.കെ.എസ്.എ.പി.റ്റി.എ.പി4 – 915/17 തീയതി : 26.8.2017

## പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 05.12.2016 മുതൽ 30.06.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017 മുതൽ 18.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി. സജിതാദാസ്. ഓഡിറ്റ് ഓഫീസർ<br>ശ്രീ. അരുൺ.പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. സുനിൽകുമാർ.യു.എസ്, ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ഷിബു വർഗ്ഗീസ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. കെ.സതീഷ് കുമാർ | 01.04.2016 മുതൽ 13.07.2016 വരെ |
| | ശ്രീ. സി.പി.സനൽകുമാർ (അസി. സെക്രട്ടറി) | 14.07.2016 മുതൽ 05.09.2016വരെ (ചാർജ്ജ്) |
| | ശ്രീമതി .എൻ.ബി ഇന്ദിരാഭായി (ജൂനിയർ സൂപ്രണ്ട്) | 05.09.2016 മുതൽ 17.10.2016വരെ (ചാർജ്ജ്) |
| | ശ്രീ. സി.പി.സനൽകുമാർ (അസി. സെക്രട്ടറി) | 17.10.2016മുതൽ 22.12.2016വരെ |

| | | |
|---|---|---|
| | | (ചാർജ്ജ്) |
| | ശ്രീ. പി.ജി.അജയകുമാർ, സെക്രട്ടറി | 22.12.2016 മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല്വ ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്ററിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ജാഗ്രതാ സമിതികൾ നിയമാനുസൃതം വിളിച്ചുകൂട്ടുന്നില്ല | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |

| | | |
|---|---|---|
| | ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 2-1 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-2 |
| 14 | ഡി ആന്റ് ഒ ലൈസൻസ് വിതരണത്തിലെ അപാകതകൾ | 2-3 |
| 15 | ലൈസൻസില്ലാതെ ഇറച്ചി വ്യാപാരം- നടപടിയെടുക്കാതെ പഞ്ചായത്ത് | 2-4 |
| 16 | തൊഴിൽ നികുതി ഈടാക്കിയില്ല-തനത് വരുമാനത്തിൽ കുറവ് | 2-5 |
| 17 | വാടകയിനത്തിൽ ലഭിക്കാനുള്ളത് 2520/-രൂപ | 2-6 |
| 18 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതു വരെ തിരികെ ലഭിച്ചില്ല | 2-7 |
| 19 | മറ്റു വകുപ്പുകളിൽ/സർക്കാരിലേക്ക് ഒടുക്കേണ്ടുന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ നിലനിൽക്കുന്നു. | 2-8 |
| 20 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല | 2-9 |
| | ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 21 | പൂർത്തീകരിച്ചിട്ടില്ലാത്ത പദ്ധതികൾക്കായി 12.92 ലക്ഷം രൂപ പിൻവലിച്ചു- താൽക്കാലിക പണാപഹരണം | 3-1 |
| 22 | ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ ഗുരുതര അലംഭാവം | 3-2 |
| 23 | വനിതാ വ്യവസായ കേന്ദ്രം അറ്റകുറ്റപ്പണി -പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ചു | 3-3 |
| 24 | പ്രാഥമിക ആരോഗ്യ കേന്ദ്രം-പരാധീനതകളുടെ നടുവിൽ | 3-4 |
| 25 | ചാമക്കാല കോളനി സംരക്ഷണ ഭിത്തി നിർമ്മാണവും അനുബന്ധ പ്രവൃത്തിയും (11/17)- യഥാസമയം പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നില്ല | 3-5 |
| 26 | തെരുവു നായ നിയന്ത്രണം- അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി. | 3-6 |
| 27 | പ്രോജക്ടിൽ വകയിരുത്താതെ ബ്ലോക്ക് വിഹിതം ചെലവഴിച്ചു | 3-7 |
| 28 | പാലിയേറ്റീവ് കെയർ വാഹന വാടക-ക്വട്ടേഷൻ നടപടികളിലെ അപാകതകൾ | 3-8 |

| | | |
|---|---|---|
| 29 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-9 |
| 30 | മരുന്നുകളും പാലിയേറ്റീവ് ഉപകരണങ്ങളും ലഭ്യമായിട്ടില്ല | 3-10 |
| 31 | ടെണ്ടറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-11 |
| 32 | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല | 3-12 |
| 33 | പൊതുടാപ്പുകളുടെ വെള്ളക്കരം-പ്രതിവർഷ ചെലവ് 13.17ലക്ഷം രൂപ | 3-13 |
| 34 | ആശ്രയ ഭവന നിർമ്മാണം-ആദ്യ ഗഡു കൈപ്പറ്റിയവർ നിർമ്മാണം തുടങ്ങിയിട്ടില്ല | 3-14 |
| 35 | എസ്.സി ഭവന നിർമ്മാണം - വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-15 |
| 36 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠന ആനുകൂല്യങ്ങൾ - വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ആനുകൂല്യങ്ങൾ അനുവദിച്ചിരിക്കുന്നു. | 3-16 |
| 37 | ഐ.എ.വൈ, പി.എം.എ.വൈ -ഗുണഭോക്തൃലിസ്റ്റില്ലാതെ തുക കൈമാറുന്നു | 3-17 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 38 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 41 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച | റിവൈസ്ഡ് ബജറ്റ് |
|---|---|---|

| | തീയതി, തീരുമാന നം. | അംഗീകരിച്ച തീയതി |
|---|---|---|
| 2016-17 | 02.03.2016(I) | ഇല്ല |

പ്രതീക്ഷിച്ചതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 27764497 | 7609403 | -20155094 |
| വരവ് | 72502000 | 40689015 | -31812985 |
| ആകെ | 100266497 | 48298418 | -51968079 |
| ചെലവ് | 99159263 | 37935456 | -61223807 |
| നീക്കിയിരിപ്പ് | 1107234 | 10362962 | +9255728 |

2016-17 വർഷത്തെ ബജറ്റ് 29.02.2016 ലെ ധനകാര്യകമ്മിറ്റി കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും 02.03.2016 ലെ ജനറൽ കമ്മിറ്റിയിലെ ഒന്നാം നംപർ തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്. പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 14.06.2017 |

## 1-3 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും സൂക്ഷ്മപരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. അവ ശേഖരിച്ച് സചിത്ര സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ഇപ്പോഴും പ്രാവർത്തികമാക്കിയിട്ടില്ല. ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പല ഭൂമികളുടേയും വിസ്തീർണ്ണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പുതിയതായി നിർമ്മാണം പൂർത്തീകരിച്ച ആയുർവേദ ആശുപത്രി ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ വിവരവും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. വസ്തു നികുതി പരിഷ്കരണം പൂർണ തോതിൽ തൻവർഷം സാധ്യമാകാതെ വന്നതിനാൽ കൃത്യമായ ഡിമാന്റ് നിർണയിച്ച് ചേർക്കാൻ കഴിഞ്ഞില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്.)144/2015, 26.12.2015-ലെ ജി.ഒ.(എം എസ്) 358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള പുതുക്കിയ ഡിമാന്റ് ഇനിയും നിർണയിക്കാൻ ശേഷിക്കുകയാണ്. ഇക്കാരണങ്ങളാൽ കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കുടിശ്ശിക-തന്നാണ്ട് തുകകളുടെ കൃത്യതയും വ്യക്തമല്ല.
3. ഷെഡ്യൂൾ ബി-7, സർക്കാരിലേക്ക് അടവാക്കാനുള്ള തുകകളുടെ (VAT-33508) വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാദ്ധ്യതയായി കാണിച്ചിട്ടുള്ള മേൽ തുകയുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.
4. മുൻ വർഷങ്ങളിൽ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗത്തിൽ നിക്ഷേപിച്ചിട്ടുള്ള 278400/- രൂപ ഇപ്പോഴും ബാലൻസ് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കി സാംഖ്യയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.
5. ഷോഡ്യൂൾ ബി-18ൽ കെ.എസ്.ഇ.ബി. നിക്ഷേപമായി രേഖപ്പെടുത്തിയിരിക്കുന്നത് 3620510 എന്നാണ്. എന്നാൽ തൻവർഷം കെ.എസ്.ഇ.ബിയിൽ ഒടുക്കിയിരിക്കുന്നത് 3658801 രൂപയാണ്

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ്പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 7609403 |
| വരവ് | 40689015 |
| ആകെ | 48298418 |
| ചെലവ് | 37935456 |
| നീക്കിയിരിപ്പ് | 10362962 |

## 1-5 വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 8882420 | 8882420 | 7640619 | 1241801 |
| വികസനഫണ്ട് എസ്.സി.പി. | 5538135 | 5538135 | 3053882 | 2484253 |
| വികസനഫണ്ട് ടി.എസ്.പി. | 23532 | 23532 | - | 23532 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4981163 | 4981163 | 4775470 | 205693 |
| ലോക ബാങ്ക് സഹായം | 3412329 | 3412329 | 1891285 | 1521044 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 6066438 | 6066438 | 1913891 | 4152547 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 2554755 | 2554755 | 585802 | 1968953 |

*19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം 2015-16 വർഷം മുതൽ വികസന ഫണ്ട്/മെയി.ഗ്രാന്റ് എന്നിവയ്ക്ക് നീക്കിയിരിപ്പ് ഇല്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 124 | 48856643 | 74 | 22672717 | 16 | 34 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|---|
| ഉല്പാദനം | 15 | 4853490 | 3290390 |
| സേവനം | 30 | 20001504 | 10796080 |
| പശ്ചാത്തലം | 45 | 18978117 | 8586247 |

റോഡിതര മെയിന്റനൻസ് ഫണ്ട് 22.92% ശതമാനവും റോഡ് മെയിന്റനസ് ഫണ്ട് 31.54% ശതമാനവും മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 4375626 | 4886032 | 510406 |
| നികുതിയേതര വരവുകൾ | 627141 | 1327655 | 700514 |
| മറ്റ് വരവുകൾ | 45741 | 200 | 45541 |
| ആകെ | 5048508 | 6213887 | 1165379 |

നികുതി നികുതിയേതര വരവുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 394 | 2976040 |
| വിധവാ പെൻഷൻ | 558 | 5547180 |
| വാർദ്ധക്യകാല പെൻഷൻ | 1422 | 10740885 |
| വികലാംഗ പെൻഷൻ | 185 | 1738240 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (>50) | 34 | 293290 |
| തൊഴിൽ രഹിത വേതനം | 51 | 69840 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2017-ൽ 03.30 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 18321/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.04.2017 | 03/2017 | റിപ്പോർട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.10.2016 മുതൽ 14.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 03.01.2017 |

## 1-11 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ എം.ഒ.പി. കൃത്യമായി പാലിക്കുന്നില്ല. സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും അവ യഥാസമയം പരിശോധനയ്ക്ക് നൽകുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ എം.ഒ.പി. പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മറ്റ് രജിസ്റ്ററുകൾ,രേഖകൾ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം.

2.ഡപ്പോസിറ്റ് രജിസ്റ്ററിൽ മുൻ വർഷത്തെ ഡപ്പോസിറ്റുകൾ ക്യാരി ഓവർ ചെയ്യുന്നില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത മെറ്റീരിയൽ പ്രവൃത്തികൾ, തെരുവുവിളക്കുകൾ വാങ്ങൽ എന്നിവയുടെ ടെണ്ടർ ഫയലുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയത് കാരണം, താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയിച്ചപ്പോൾ നിർണ്ണയിച്ച വസ്തുനികുതിയിൽ കുറവുണ്ടായി. പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതുമൂലമാണ് ഈ അപാകത ഉണ്ടായത്. വിശദവിവരം ചുവടെ ചേർക്കുന്നു. (പാർപ്പിടാവശ്യത്തിനുള്ള വസ്തുനികുതി നിരക്ക് 7 രൂപയാണ്)

| ക്രമ നം | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിവരം | നിർണ്ണയിച്ച വസ്തുനികുതി |
|---|---|---|---|
| 1 | II/177 | പി.ആർ.എഫ്.വർക്കേഴ്സ് യൂണിയൻ ഓഫീസ്, 160 $m^2$ | BT-88<br>LC-5<br>SC-9 |
| 2 | II/193 | പി.ആർ.എഫ്.പമ്പ് ഹൗസ്, 150 $m^2$ | BT-22<br>LC-2<br>SC-3 |
| 3 | II/194 | പി.ആർ.എഫ്.ബിവറേജസ് 120 $m^2$ | BT-79<br>LC-4<br>SC-8 |

| | | | |
|---|---|---|---|
| 4 | II/195 | പി.ആർ.എഫ്.ബിവറേജസ് ഗോഡൗൺ, 130 $m^2$ | BT-504<br>LC-26<br>SC-51 |
| 5 | III/306 | എൻ.എസ്.എസ്.കരയോഗ മന്ദിരം, 280 $m^2$ | BT-1176<br>LC-59<br>SC-118 |

ടി കെട്ടിടങ്ങളുടെ വസ്തുനികുതി അവയുടെ ഉപയോഗക്രമത്തിനനുസരിച്ച് നിശ്ചിത നിരക്കിൽ നിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏഴ് മൊബൈൽടവറുകളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ പുനർനിർണ്ണയിച്ച വസ്തുനികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല. വസ്തുനികുതി പുനർനിർണ്ണയിച്ചതിന് ശേഷം 2013-14 സാമ്പത്തിക വർഷം മുതൽ ഈടാക്കുവാൻ അവശേഷിക്കുന്ന കുടിശ്ശികത്തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | വാർഡ് നം/ കെട്ടിടനമ്പർ | നിർണ്ണയിച്ച നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | ബിഎസ്എൻഎൽ | IV/409 | BT 19200<br>ST 1920<br>LC 960 | 88320<br>(2013-14 മുതൽ) |
| 2 | ഇൻഡസ് ടവേഴ്സ് | IV/410 | BT 20400<br>ST 2040<br>LC 1020 | 46920<br>(2015-16 മുതൽ) |
| 3 | ബിഎസ്എൻഎൽ | VII/448 | BT 16000<br>ST 1600<br>LC 800 | 73600<br>(2013-14 മുതൽ) |
| 4 | ഐഡിയ | V/482 | BT 21000<br>ST 2100<br>LC 1050 | 24150<br>(2016-17 മാത്രം) |
| 5 | ഭാരതി എയർടെൽ | X/553 | BT 20400<br>ST 2040<br>LC 1020 | 93840<br>2012-13 വരെ അടച്ചു. |
| 6 | റിലയൻസ് | XIV/210 | BT 15300<br>ST 1530 | 70380<br>(2013-14 |

| | | | | |
|---|---|---|---|---|
| | | | LC 765 | മുതൽ) |
| 7 | ഭാരതി ഇൻഫ്രാടെൽ | XII/500 | BT 20400<br>ST 2040<br>LC 1020 | 93840<br>(2013-14 മുതൽ) |
| ആകെ | | | | 491050 |

മൊബൈൽടവറുകളുടെ വസ്തുനികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് വിതരണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2016-17 സാമ്പത്തിക വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

*യഥാസമയം ലൈസൻസ് പുതുക്കുന്നില്ല*

2016-17 സാമ്പത്തിക വർഷം ലൈസൻസ് എടുത്ത 208 സ്ഥാപനങ്ങളിൽ 18 എണ്ണം മാത്രമാണ് ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ ലൈസൻസ് എടുത്തിട്ടുള്ളത് . ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും സാമ്പത്തികവർഷാരംഭം മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | സ്ഥാപനം | ലൈസൻസ് എടുത്ത തീയതി |
|---|---|---|
| റെജി വർഗ്ഗീസ് | ഇമ്മാനുവൽ ഫുഡ്ഇൻഡസ്ട്രീസ് | 27.05.2016 |
| ബിജു. ടി.എം | ഹോസ്പിറ്റൽ ക്യാന്റീൻ | 27.06.2016 |
| മനോജ്.പി.ജോർജ്ജ് | എം.ജി.എം ഹെൽത്ത് കെയർ | 19.12.2016 |

നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

*ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു*

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ, വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തുവാൻ പാടില്ല എന്നിരിക്കെ ഇതിനു വിരുദ്ധമായി ലൈസൻസ് എടുക്കാതെയും, യഥാസമയം ലൈസൻസ് പുതുക്കാതെയോ നടത്തുന്ന അനധികൃത വ്യാപാരങ്ങൾക്കും, വ്യവസായങ്ങൾക്കും എതിരെ നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിമുഖത പുലർത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 235 B നമ്പർ മുറി, സ്റ്റാൾ നം1,5എന്നിവയും T.R പ്രകാശ് എന്ന വ്യക്തിക്ക് യഥാക്രമം 2600/-, 210/-രൂപ നിരക്കിൽ മാസവാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തിക്ക് സ്ഥാപനം നടത്തുന്നതിന് ആവശ്യമായ ലൈസൻസ് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറി തന്നെ ലൈസൻസില്ലാതെ ഉപയോഗിച്ചിട്ടും പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചില്ല.

*ഫാമുകൾക്ക് ലൈസൻസ്-ചട്ടങ്ങൾ പാലിക്കുന്നില്ല*

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് പ്രവർത്തനാനുമതി നൽകുമ്പോൾ 2012 ലെ ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്. ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയിൽ ഏതിനം പക്ഷി/മൃഗങ്ങളെയാണ് വളർത്തുന്നത്, അവയുടെ എണ്ണം, സ്ഥലത്തിന്റെ വിസ്തൃതി,കെട്ടിടത്തിന്റെ തരം എന്നിവ വ്യക്തമാക്കേണ്ടതാണ്. ഈ മാനദണ്ഡങ്ങൾക്കനുസരിച്ച് മാത്രമെ ലൈസൻസ് ഫീസ് ഈടാക്കാൻ സാധിക്കു. എന്നാൽ ഈ നിർദ്ദേശങ്ങൾ ഒന്നും പാലിക്കാതെയാണ് ശ്രീ.ജോയി സമർപ്പിച്ച അപേക്ഷയിൻമേൽ പഞ്ചായത്ത് ലൈസൻസ് നൽകിയിരിക്കുന്നത്. കൂടാതെ സെക്രട്ടറിയോ അധികാരപ്പെട്ട ഉദ്യോഗസ്ഥനോ ആറുമാസത്തിലൊരിക്കൽ ലൈവ്സ്റ്റോക്ക്

ഫാമിൽ പരിശോധന നടത്തേണ്ടതും പരിശോധനാ റിപ്പോർട്ട് അധികാരപ്പെട്ട ഉദ്യോഗസ്ഥന് നൽകേണ്ടതും അപ്രകാരം ലഭിക്കുന്ന റിപ്പോർട്ടിൻ മേൽ ആവശ്യമെന്ന കാണുന്നപക്ഷം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത നിർദ്ദശവും പഞ്ചായത്ത് പാലിച്ചിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ലൈസൻസില്ലാതെ ഇറച്ചി വ്യാപാരം-നടപടിയെടുക്കാതെ പഞ്ചായത്ത്

പഞ്ചായത്തിലെ 3 മേഖലകളിലും അംഗീകൃത കശാപ്പ് ശാലകളിൽ നിന്നുള്ള ഇറച്ചി ശേഖരിച്ച് വ്യാപാരം നടത്തുന്നതിനുള്ള അവകാശം ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് ലേലം ചെയ്ത് നൽകിയിട്ടുണ്ട്.

| മേഖല | ലേലം ഉറപ്പിച്ച വ്യക്തി | തുക |
|---|---|---|
| മേഖല 1(ആലന്തുരുത്തി) | യൂസഫ് | 41500/- രൂപ |
| മേഖല 2(കടപ്ര) | ഷംസിയബീവി | 27000/-രൂപ |
| മേഖല 3(പരുമല) | യൂസഫ് | 27000/-രൂപ |

ഇറച്ചി സ്റ്റാൾ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നവർ ആവശ്യമായ ലൈസൻസ് പഞ്ചായത്തിൽ നിന്നും വാങ്ങിയിരിക്കേണ്ടതും,കേരള പഞ്ചായത്ത് രാജ് നിയമം 231(2) കർശ്ശനമായി പാലിക്കേണ്ടതുമാണ്. കൂടാതെ ബഹു.ഹൈക്കോടതിയുടെ 06.04.1998 ലെ ഒ.പി നം 2383/98 ന്റെ വിധി നിർദ്ദേശങ്ങൾക്ക് വിധേയമായി വ്യാപാരം നടത്തുന്നതിന് സമ്മതിക്കുന്ന സത്യവാങ്മൂലം മുൻകൂർ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ മേൽ നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് പ്രസ്തുത വ്യക്തികൾ ഇറച്ചി വ്യാപാരം നടത്തിവരുന്നത്. ലൈസൻസ് ഇല്ലാതെ വ്യാപാരം നടത്തിയിട്ടും പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മേൽ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 2-5 തൊഴിൽ നികുതി ഈടാക്കിയില്ല-തനത് വരുമാനത്തിൽ കുറവ്

1994 ലെ പഞ്ചായത്ത് രാജ് നിയമത്തിലെ 205 വകുപ്പ് പ്രകാരം ശമ്പളത്തിനോ, വേതനത്തിനോ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളും ഒരു അർദ്ധവർഷക്കാലം നിശ്ചിത കാലയളവിൽ ഒരു പഞ്ചായത്ത് പരിധിയിൽ ജോലിചെയ്യുകയും ചട്ടത്തിൽ അനുശാസിക്കുന്ന കുറഞ്ഞ വേതനം കൈപ്പറ്റുകയും ചെയ്താൽ ചട്ടത്തിനനുസൃതമായി തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2016-17 സാമ്പത്തിക വർഷം തൊഴിൽ നികുതി പൂർണ്ണമായും ഒടുക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | ഈടാക്കാനുള്ള നികുതി |
|---|---|---|
| 1 | പി.എച്ച്.സി. നിരണം | ആദ്യ അർദ്ധവർഷം |
| 2 | വളഞ്ഞവട്ടം കിഴക്ക് തപാൽ ആഫീസ് | രണ്ടാം അർദ്ധവർഷം |
| 3 | പോലീസ് സ്റ്റേഷൻ പുളിക്കീഴ് | രണ്ടാം അർദ്ധവർഷം |
| 4 | ഹോട്ടൽ റോയൽ | ആദ്യ അർദ്ധവർഷം |

| | | |
|---|---|---|
| | ഇന്ദ്രപ്രസ്ഥ | |
| 5 | ജെ.ജെ.ഫുഡ്സ് & ബിവറേജ് | I&2 അർദ്ധവർഷം |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിനുണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

*<u>തൊഴിൽ നികുതിയടക്കേണ്ടവരുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല</u>*

പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന തൊഴിൽ / സ്ഥാപന നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി (വകുപ്പ് 205ഐ) അതനുസരിച്ച് തൊഴിൽ/ സ്ഥാപന നികുതി ഡിമാന്റ്ചെയ്ത് ഈടാക്കുന്നതിന് പകരം നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ മാത്രം പേരുവിവരം രജിസ്റ്ററിൽ രേഖപെടുത്തുന്ന രീതിയാണ് പഞ്ചായത്ത് പിൻതുടർന്നു വരുന്നത്. തൻമൂലം നികുതി പിരിവിന്റെ കൃത്യത ഉറപ്പുവരുത്താനാവുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതുമൂലം പിരിച്ചെടുക്കാതെ ബാക്കിയായ നികുതി ഈടാക്കാൻ കഴിയാതെ പോകുകയും, കാലാവധി കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപെട്ടുപോകുകയും ചെയ്യുന്നു. തൊഴിൽ /സ്ഥാപന നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി അതനുസരിച്ച് നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 <u>വാടകയിനത്തിൽ ലഭിക്കാനുള്ളത് 2520/-രൂപ</u>

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള II ആം നമ്പർ സ്റ്റാൾ രാജപ്പൻ,കൊച്ചുതോപ്പിൽ എന്ന വ്യക്തിക്ക് 210/-രൂപയ്ക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ തൻവർഷം വാടകയിനത്തിൽ ഒരു രൂപ പോലും പ്രസ്തുത വ്യക്തിയിൽനിന്നും ഈടാക്കിയിട്ടില്ല. തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കി പഞ്ചായത്തിന്റെ തനത് വരുമാനത്തിനുണ്ടായ നഷ്ടം നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 <u>ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീസ് നാളിതു വരെ തിരിക ലഭിച്ചില്ല</u>

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/201/ ഫിൻ തീ.5/1/15 പ്രകാരം 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500 രൂപ എന്ന് നിശ്ചയിച്ചിരുന്നു. 5% വാറ്റ് ഉൾപ്പടെ കണക്കാക്കി വേണം ആകെ ടെണ്ടർ ഫീസ് വാങ്ങേണ്ടത്. എന്നാൽ 2016-17 വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജ.നം. പേര് | അടങ്കൽ തുക | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ്(0.2%) | വാറ്റ് (5%) | ആകെ തുക |
|---|---|---|---|---|---|---|
| 1 | 132/17<br>പഞ്ചായത്ത് ഓഫീസിന്റെയും മറ്റ് അനുബന്ധ | 925000 | 2 | 4000 | 200 | 4200 |

| | | | | | | |
|---|---|---|---|---|---|---|
| | സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | | | | | |
| 2 | 10/17<br>121/15<br>ചാമക്കാല കോളനി കുടിവെള്ള പദ്ധതി | 800000 | 2 | 3360 | 168 | 3528 |
| | ആകെ | | | 7360 | 368 | 7728 |

ആകെ ഒടുക്കിയ തുക സംബന്ധിച്ച വിവരങ്ങൾ അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമായതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ വാങ്ങാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. തുക തിരികെ വാങ്ങി ടെണ്ടർ ഫീസ് തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്കേണ്ടതും വാറ്റ് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതുമാണ് .

## 2-8 മറ്റു വകുപ്പുകളിൽ/സർക്കാരിലേക്ക് ഒടുക്കേണ്ടുന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ നിലനിൽക്കുന്നു.

ഷെഡ്യൂൾ ബി-9 പത്രിക പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ മറ്റു വകുപ്പുകളിൽ/സർക്കാരിലേക്ക് ഒടുക്കേണ്ടുന്ന തുകകൾ ഇതേ വരെയും ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല.

| ഇനം | തുക |
|---|---|
| ലൈബ്രറി സെസ്സ് | 122888 |
| വാറ്റ് | 33508 |
| റോയൽറ്റി | 801 |
| ഇ.എം.എസ് റീഫണ്ട് | 127500 |

ലൈബ്രറി സെസ്സ് , വാറ്റ്, റോയൽറ്റി ഇനങ്ങളിലുള്ള തുകകൾ ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കേണ്ടതും ഇ.എം.എസ് റീഫണ്ട് ഇനത്തിലുള്ള തുക സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്. ലൈബ്രറികൗൺസിലിൽ അടവാക്കേണ്ട തുക യഥാസമയം ഒടുക്കുവാൻ വീഴ്ച വരുന്നത് മൂലം ലൈബ്രറി കൗൺസിൽ പിഴ ഈടാക്കുകയാണെങ്കിൽ ആയത് സെക്രട്ടറിയുടെ ബാധ്യതയായിത്തീരാൻ ഇടയുണ്ട്. മേൽ പറഞ്ഞ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിൽ/ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-9 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം (1) അനുച്ഛേദം 56(ബി) പ്രകാരം മൂന്ന് വർഷത്തിന് മേൽ റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഓരോ വർഷവും റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്ന തുക തനത് ഫണ്ടിൽ മുതൽക്കൂട്ടാതെ അടുത്ത സാമ്പത്തിക വർഷത്തെ മുന്നിരിപ്പ് തുകയായി രേഖപ്പെടുത്തി വരുന്ന രീതിയാണ് പഞ്ചായത്ത് സ്വീകരിച്ചിരിക്കുന്നത്, നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ കരാറുകാർ ഹാജരാക്കിയിട്ടുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ദീർഘകാലമായി തനത് ഫണ്ടിൽ മുതൽക്കൂട്ടാതെ സൂക്ഷിച്ചു വരുന്നു. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം, 01/11.07.2017) 01.04.2014 വരെ ഈ ഇനത്തിൽ 62865/- രൂപ അവശേഷിക്കുന്നതായി മറുപടി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട കരാറുകാർ നിശ്ചിത സമയപരിധിക്കുള്ളിൽ റീഫണ്ട് ചെയ്ത് വാങ്ങാതിരുന്ന സ്ഥിരനിക്ഷേപങ്ങൾ തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### **3-1** പൂർത്തീകരിച്ചിട്ടില്ലാത്ത പദ്ധതികൾക്കായി **12.92** ലക്ഷം രൂപ മുൻകൂർ പിൻവലിച്ചു - താത്കാലിക പണാപഹരണം

തീരദേശ വികസന കോർപ്പറേഷനിൽ നിന്നും 13 ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന് ലഭിച്ച 28.7 ലക്ഷം രൂപയിൽ നിന്നും താഴെ പറയുന്ന തുകകൾ 2016-17 ൽ പിൻവലിച്ചു.

| പ്രോജക്റ്റിന്റെ വിവരം | തുക | ചെക്ക് നം, തീയതി | ബാങ്ക് അക്കൗണ്ടിന്റെ വിവരം |
|---|---|---|---|
| ചാമക്കാല കോളനി സംരക്ഷണ ഭിത്തി നിർമ്മാണവും അനുബന്ധ പ്രവൃത്തിയും | 460350 | ചെക്ക് നം.002904/31.03.17 | ഐ.ഒ.ബി |
| | 34650 (നികുതി) | ചെക്ക് നം.1180631/31.03.17 | സ്പെഷ്യൽ റ്റി.എസ്. ബി |
| ചാമക്കാല കോളനി കുടിവെള്ള പദ്ധതി | 749180 | ചെക്ക് നം.002903/31.03.17 | ഐ.ഒ.ബി |
| | 47820 (നികുതി) | ചെക്ക് നം.1180630/31.03.17 | സ്പെഷ്യൽ റ്റി.എസ്. ബി |
| | 1292000 | | |

അനുബന്ധ ഫയലുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ നികുതി ഒടുക്കുന്നതിന് പിൻവലിച്ച തുകകളുടെ സ്പെഷ്യൽ റ്റി.എസ്. ബി അക്കൗണ്ടിന്റെ ചെക്കുകളാണ് ഹാജരാക്കിയത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ നൽകിയ ഐ.ഒ.ബി യുടെ ചെക്കുകളോ ബന്ധപ്പെട്ട ഫയലുകളോ ഓഡിറ്റിൽ ഹാജരാക്കിയില്ല. ബന്ധപ്പെട്ട പാസ് ബുക്ക് പരിശോധിച്ചതിൽ 460350രൂപ 29.04.17ലും 749180 രൂപ 12.05.2017 ലും തനത് ഫണ്ടിൽ നിന്നും (ഐ.ഒ.ബി) അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബാങ്കിൽ നടത്തിയ അന്വേഷണത്തിൽ താഴെ പറയുന്ന വ്യക്തികളുടെ മാന്നാർ ഇൻഡ്യൻ ബാങ്കിന്റെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തതെന്ന് അറിയാൻ കഴിഞ്ഞു.

| തുക | അക്കൗണ്ട് ട്രാൻസ്ഫറിന്റെ വിവരം |
|---|---|
| 460350 | ജിത്ത് മണിയപ്പൻ &അബ്ദുൾ ഷുക്കൂർ |
| 749180 | സനു.റ്റി .എസ്., കോൺട്രാക്ടർ |

ഈ വ്യക്തികൾ ആരൊക്കെയാണെന്ന് വ്യക്തമല്ല. നിലവിൽ തുടർന്നുവരുന്ന ചാമക്കാല കോളനി സംരക്ഷണ ഭിത്തി നിർമ്മാണവും അനുബന്ധ പ്രവൃത്തിയും എന്ന പ്രവൃത്തി കരാർ (തീയതി. 8.9.2015) ഏറ്റെടുത്തിരിക്കുന്നത് അനിൽ. എസ്. ഉഴത്തിൽ എന്ന വ്യക്തിയാണ്.

അനുബന്ധ ഫയലുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഫയൽ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. 12.04.2006 ലെ ധനവിനിയോഗം സംബന്ധിച്ച ജി.ഒ.(പി) 177/2006/ധനം ഉത്തരവിലെ ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ മുൻകൂറായി തുക പിൻവലിക്കാൻ പാടില്ല എന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ചെക്ക് മുൻകൂറായി എഴുതി തുക പിൻവലിച്ചിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ രണ്ട് പ്രവൃത്തികളും പ്രാരംഭഘട്ടത്തിലാണെന്ന് കണ്ടു. എം ബുക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമല്ല. ഇത്തരത്തിൽ പൂർത്തീകരിക്കാത്ത പദ്ധതികൾക്കായി മുൻകൂറായി തുക പിൻവലിച്ചിരിക്കുന്നത് താത്കാലിക പണാപഹരണമായി ഓഡിറ്റിൽ വിലയിരുത്തുന്നു. നികുതി ഒടുക്കുന്നതിനുള്ള ചെക്കുകൾ 4 മാസങ്ങളായി അസിസ്റ്റന്റ് എഞ്ചിനീയറുടെ കൈവശം സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. തുക തിരികെ ബന്ധപ്പെട്ട അക്കൗണ്ടിൽ വകയിരുത്തേണ്ടതാണ്. എം ബുക്കിൽ മൂല്യനിർണ്ണയം നടത്താതെയും പൂർത്തീകരിക്കാത്ത പദ്ധതികൾക്കായി മുൻകൂറായി തുക പിൻവലിച്ചതും ശരിയായ നടപടിയല്ല. ഈ പ്രവൃത്തിയിൻ മേൽ സർക്കാർ തലത്തിലുള്ള അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-2 ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക ചെലവഴിക്കുന്നതിൽ ഗുരുതര അലംഭാവം

2016-17 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് ലഭിച്ച 25392334 രൂപയിൽ ചെലവഴിച്ചത് 19860949രൂപ മാത്രമാണ്. അതായത് ലഭ്യമായ തുകയുടെ 78.21% മാത്രം. ലഭ്യമായ തുകയുടെ വിവിധ ഫണ്ട് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 19-09-2015 ലെ ജി.ഒ (പി) നം-419/2015/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ആകെ അനുവദിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരുപ്പാകുന്ന തുക നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

| ഫണ്ടിനം | മുൻ ബാലൻസ് | 2016-17 വർഷത്തെ ബജറ്റ് അലോക്കേഷൻ | 2016-17 വർഷത്തെ ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 8882420 | 7640619 | 1241801 | 86% |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5538135 | 3053882 | 2484253 | 55.14% |
| വികസന ഫണ്ട്-റ്റി.എസ്.പി | 0 | 23532 | - | 23532 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4981163 | 4775470 | 205693 | 95.87% |
| ലോകബാങ്ക് സഹായം | 0 | 3412329 | 1891285 | 1521044 | 55.42% |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 0 | 6066438 | 1913891 | 4152547 | 31.54% |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 0 | 2554755 | 585802 | 1968953 | 22.92% |
| ആകെ | | 31458772 | 19860949 | 11597823 | 63.13% |

ആകെ 67 പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചതിൽ 21 പദ്ധതികൾക്ക് മാത്രമാണ് തുക ചെലവഴിച്ചത്. റോഡ് സംരക്ഷണ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 65.43ലക്ഷം അടങ്കലുള്ള 27 മരാമത്ത് പ്രവൃത്തികളിൽ 8 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയത്. 31.03.2017 ൽ മരാമത്ത് പ്രവൃത്തികളുടെ 24 ബില്ലുകൾ ക്യൂ ലിസ്റ്റിലായി. ക്യൂ ലിസ്റ്റിലായ ബില്ലുകൾ മാറുന്നതിനായി താഴെ പറയും പ്രകാരം വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഫണ്ടുകളിൽ നിന്നും പ്രത്യേക അലോട്ട്മെന്റ് ലഭിച്ചെങ്കിലും 5 പ്രവൃത്തികൾക്കായി 968403 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

| ഫണ്ട് | അലോട്ട്മെന്റ് | ചെലവഴിച്ച തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 91000 | 91000 |
| വികസന ഫണ്ട്-എസ്.സി.പി | 671218 | - |
| ലോകബാങ്ക് സഹായം | 299885 | - |
| റോഡ് മെയിന്റനൻസ് ഗ്രാന്റ് | 1951650 | 560847 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 316556 | 316556 |
| | 3330309 | 968403 |

സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് തുക തൻവർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. ആയതിനാൽ പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമാകുന്ന തുക ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാവും. ഓരോ പ്രോജക്ടിലും വകയിരുത്തുന്ന തുക ഉപയോഗിച്ച് പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 <u>വനിതാ വ്യവസായ കേന്ദ്രം അറ്റകുറ്റപ്പണി -പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ചു</u>

വാർഡ് I ലെ വനിതാ വ്യവസായ കേന്ദ്രം അറ്റകുറ്റപ്പണി എന്ന പ്രവൃത്തിക്ക് ഗുണഭോക്തൃ സമിതി കൺവീനർ കെ.എം യോഹന്നാൻ കരാർ ചമച്ചിരിക്കുന്നത് 10.03.2015 ലാണ്. തുടർന്ന് എല്ലാ വർഷവും സ്പിൽ ഓവറായി പദ്ധതിക്ക് അംഗീകാരം ലഭിച്ചുപോരുന്നുണ്ടെങ്കിലും ഇതേ വരെയും തുടർ പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല. 21 ഇനങ്ങളിലായി ആകെ 100000 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയിരുന്നതെങ്കിലും എം ബുക്ക് പ്രകാരം 8 ഇനങ്ങളിലായി ആകെ മൂല്യം 33317 എന്ന രീതിയിൽ റിറ്റൻഷൻ കുറവ് ചെയ്ത ശേഷം നികുതി ഉൾപ്പെടെ 31784 രൂപ 30.03.15-ൽ പിൻവലിച്ചിട്ടുണ്ട്. ഗുണഭോക്തൃ സമിതി കൺവീനർ എന്ന രീതിയിൽ ടി വ്യക്തി കരാർ ചമച്ചെങ്കിലും കെ.എം യോഹന്നാൻ കരാറുകാരനാണ്. ഗ്രാമപഞ്ചായത്തിലെ പല പ്രവൃത്തികളും ടി വ്യക്തി കരാർ ഏറ്റെടുത്തിട്ടുണ്ട്. വനിതാ വ്യവസായ കേന്ദ്രത്തിൽ സ്ഥലപരിശോധന നടത്തിയതിൽ ഇപ്പോൾ ആ കെട്ടിടത്തിൽ സബ്സെന്റർ പ്രവർത്തിക്കുന്നതായും പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് കാരണം കെട്ടിടത്തിന്റെ വരാന്ത ചോരുന്ന അവസ്ഥയിലുമാണെന്ന് കണ്ടു. സ്ഥിരമായി മഴവെള്ളം വീണ് ഈ പ്രവൃത്തിയിൽ ചെയ്ത ടൈൽ പാകൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നശിച്ച് പോകുന്ന അവസ്ഥയിലാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 പ്രാഥമിക ആരോഗ്യ കേന്ദ്രം-പരാധീനതകളുടെ നടുവിൽ

1) 31.24 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും കെട്ടിടം പ്രവർത്തനക്ഷമമാക്കിയില്ല

പി.എച്ച്.സി കെട്ടിട നിർമ്മാണം സോയിൽ ടെസ്റ്റിംഗ്, ഒന്നാം ഘട്ടം, രണ്ടാം ഘട്ടം എന്നിങ്ങനെ 2012-13 മുതൽ 2016-17 വരെയുള്ള വർഷങ്ങളിലായി താഴെ പറയും പ്രകാരം 3124511 രൂപ ചെലവഴിച്ചെങ്കിലും ഇതേ വരെയും പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

| പദ്ധതിയുടെ വിവരം | തുക | ബിൽ നം /ഡി.ഡി നം |
|---|---|---|
| സോയിൽ ടെസ്റ്റിംഗ് | 56180 | ഡി.ഡി നം.566953/19.03.13 |
| | 775 | ഡി.ഡി നം.278343/26.09.13 |
| പൈലിംഗ് | 916411 | ബിൽ ക്രമ നം.65/31.03.14 |
| | 184041 | ബിൽ ക്രമ നം.2/31.05.14 |
| കെട്ടിട നിർമ്മാണം - രണ്ടാം ഘട്ടം(പ്രോ നം.12/17) | 427456 | - |
| | 610738 | - |
| | 444483 | - |
| | 484427 | ബിൽ നം I/16-17/30.11.16 |

നിലവിൽ വാടക കെട്ടിടത്തിലാണ് പി.എച്ച്.സി പ്രവർത്തിക്കുന്നത്. അവിടെ സ്ഥലപരിശോധന നടത്തിയതിൽ പരിമിതമായ സൗകര്യത്തിലാണ് പി.എച്ച്.സി വർഷങ്ങളായി പ്രവർത്തിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. മരുന്നുകൾ സൂക്ഷിക്കുന്നതിന് സ്റ്റോർ റൂം സൗകര്യങ്ങൾ ഇല്ല. മരുന്നുകൾ കൊണ്ടുവരുന്ന കാർട്ടണുകൾ മുറിയുടെ മൂലയിൽ കൂട്ടിവെച്ചിരിക്കുന്ന അവസ്ഥയിലാണ് കാണാൻ കഴിഞ്ഞത്. 12 ാം പദ്ധതി കാലയളവിന്റെ ആദ്യ വർഷം ആരംഭിച്ച പ്രവൃത്തിക്കായി 31.24 ലക്ഷം രൂപ ചെലവഴിച്ചെങ്കിലും ഇതേ വരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥയും അലംഭാവവുമായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതും, പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

2. യഥാസമയം പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നില്ല

രണ്ടാം ഘട്ടത്തിനായി അനിൽ എസ് ഉഴത്തിൽ എന്ന കരാറുകാരൻ കരാർ ചമച്ചിരിക്കുന്നത് 08.09.2015 ലാണെങ്കിലും എം ബുക്കിൽ (52/KDP/15-16) അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 08.09.2016 ലാണ്. രണ്ടാം ഘട്ടത്തിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ഉൾപ്പെടെ 2279807 രൂപക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും ഇലക്ട്രിഫിക്കേഷൻ നടത്താതെ ഫൈനൽ ബിൽ അനുവദിച്ചു. ടെണ്ടർ നോട്ടീസ് പ്രകാരം ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6മാസമാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 08.09.16 ലാണ്. കാലാവധി വരെ നീട്ടണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ അപേക്ഷ നൽകിയെങ്കിലും കാലാവധി നീട്ടി നൽകിയതായി കാണുന്നില്ല. കരാറുകാരന്റെ അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ചിട്ടില്ല. 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. എന്നാൽ ഇവിടെ കരാറുകാരൻ പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിട്ടില്ല. ആയതിനാൽ നിർദ്ദിഷ്ട കാലാവധിക്കു ശേഷമുള്ള കാലഘട്ടത്തിന് (1.4.2016മുതൽ 08.09.2016 വരെ, 20 ആഴ്ച) സെക്ഷൻ 2116.1 അനുസരിച്ച് PAC യുടെ 2% കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു. ഇതു മൂലം ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം 41940/- രൂപയുടെ നഷ്ടമുണ്ടായി.

| | |
|---|---|
| അംഗീകൃത PAC | 2097044 |
| കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | 2097044 x 2% = 41940 |

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/17.07.2017) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുകയായ 41940 രൂപ കരാറുകാരനിൽ നിന്നും ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയാക്കുന്നതാണ്.

3.ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം നിർമ്മിച്ചത് കരഭൂമിയിലല്ല എന്ന് കണ്ടു. ആസ്തി രജിസ്റ്റർ അപൂർണ്ണവുമാണ്. ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണം, കരം ഒടുക്കിയ രസീത് എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/17.07.2017) പഞ്ചായത്തിൽ ഇല്ലെന്ന വാക്കാലുള്ള മറുപടിയാണ് നൽകിയത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ അസ്സൽ പ്രമാണം കണ്ടെത്തേണ്ടതും കരം ഒടുക്കി പേരിൽ കൂട്ടേണ്ടതുമാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്രാഥമികാരോഗ്യകേന്ദ്രം ടി കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുവാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുവാൻ ഭരണവകുപ്പിന് ശുപാർശ ചെയ്യുന്നു.

## 3-5 ചാമക്കാല കോളനി സംരക്ഷണ ഭിത്തി നിർമ്മാണവും അനുബന്ധ പ്രവൃത്തിയും (11/17)-യഥാസമയം പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നില്ല

കരാറുകാരൻ-അനിൽ. എസ്. ഉഴത്തിൽ

എം ബുക്ക് നം.218/15-16

തീരദേശ വികസന കോർപ്പറേഷനിൽ നിന്നും 13 ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന് ലഭിച്ച 2070000 രൂപ വകയിരുത്തിയാണ് ഈ പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ കോളനിക്ക് ചുറ്റുമതിൽ കെട്ടുന്നതിനും വഴി ടൈൽ പാകുന്നതിനുമായി 12,00,000 രൂപയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം ലഭിച്ചിരുന്നത്. കരാറുകാരനുമായി എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.13% കുറവായിട്ടാണ് കരാർ ചമച്ചിരിക്കുന്നത്. കരാർ ചമച്ചിരിക്കുന്നത് 08.09.15 ലാണെങ്കിലും എം ബുക്കിൽ (52/KDP/15-16)അവസാന അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 05.09.16 ലാണ്. ഈ പ്രവൃത്തിക്ക് ആദ്യ പാർട്ട് ബില്ലായി 694375രൂപ 2015-16 ലും ഫൈനൽ ബില്ലായി 244670 രൂപ (ചെക്ക് നം.1367/09.09.16) 2016-17 ലും അനുവദിച്ചിട്ടുണ്ട്. എം ബുക്ക് പ്രകാരം,

| | |
|---|---|
| ആകെ മൂല്യം | 1022145.29 |
| ടെണ്ടർ കുറവ് (8.13%) | 83100 |
| | 939045<br>(694375+ 244670) |

ടെണ്ടർ നോട്ടീസ് പ്രകാരം ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 05.09.16 ലാണ്. കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ അപേക്ഷ നൽകുകയോ കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ചിട്ടില്ല. 2012 ലെ പി.ഡബ്ല്യൂ.ഡി മാനവൽ സെക്ഷൻ 2112 പ്രകാരം ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതില്ല. ആയതിനാൽ നിർദ്ദിഷ്ട കാലാവധിക്കു ശേഷമുള്ള കാലഘട്ടത്തിന് (1.4.2016മുതൽ 05.09.2016 വരെ, 20 ആഴ്ച) സെക്ഷൻ 2116.1 അനുസരിച്ച് PAC യുടെ 2% കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം 22049/- രൂപയുടെ നഷ്ടമുണ്ടായി.

| | |
|---|---|
| അംഗീകൃത PAC | 12,00,000-8.13%<br>(97560)<br>= 1102440 |
| കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | 1102440X2%<br>= 22049 |

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/17.7.2017) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. കേരള പൊതുമരാമത്ത് മാന്യുവലിലെ നിർദ്ദേശാനുസരണം നടപടികൾ സ്വീകരിക്കാത്തത് കാരണം കരാറുകാർ പ്രവൃത്തികൾ നീട്ടിക്കൊണ്ട് പോകുകയും ഫണ്ടുകൾ നഷ്ടമാകുന്ന അവസ്ഥയും ഉണ്ടാകുന്നുണ്ട്. പഞ്ചായത്തിന് നഷ്ടമായ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടമായ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയാക്കുന്നതാണ്.

## 3-6 തെരുവു നായകളെ സൂക്ഷിക്കുന്നതിനുള്ള കൂട് നിർമ്മാണം - അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി.

പ്രോ.നം.20/17

എം ബുക്ക് നം.261/15-16
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

തെരുവ് നായ നിയന്ത്രണത്തിന്റെ (എ.ബി.സി. പ്രോഗ്രാം) ഭാഗമായി നായ്ക്കളെ സൂക്ഷിക്കുന്നതിനുള്ള കൂട്

നിർമ്മാണത്തിനാണ് പദ്ധതി തയ്യാറാക്കിയത്. ജില്ലാ പഞ്ചായത്ത് വിഹിതം 860000 രൂപ വകയിരുത്തിയ പദ്ധതി ടെണ്ടർ വർക്കായി നടപ്പിലാക്കുന്നതിനാണ് അംഗീകാരം ലഭിച്ചിരുന്നത്. എന്നാൽ അംഗീകാരം ലഭിച്ച 859364 രൂപയുടെ എസ്റ്റിമേറ്റ് ഒഴിവാക്കി 345000 രൂപയുടെ എസ്റ്റിമേറ്റിലാണ് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത്. ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുമില്ല. ഫയലിൽ ഗുണഭോക്തൃ സമിതിയുടെ പേരിലുള്ള (കൺവീനർ-എൻ.എം.തോമസ്) കരാർ (നം.I/2016-17 /AE/LSGD/04.10.2010) ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ സമിതി കൂടുകയോ കൺവീനറെ തിരഞ്ഞെടുക്കുകയോ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല. ഗുണഭോക്തൃ സമിതി അംഗങ്ങൾക്ക് കരാർ വെക്കുന്നതിനായി മുദ്രപത്രം ഫയലിലുണ്ട്. ഗുണഭോക്തൃ സമിതി കൂടിയിട്ടില്ലാത്തതിനാൽ കരാർ ചമച്ചിട്ടില്ല. എം ബുക്കിൽ കൺവീനറുടെ പേര് പാപ്പച്ചൻ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എം ബുക്കിൽ ആകെ മൂല്യം 317805 രൂപയായി കണക്കാക്കുകയും 2016-17 വർഷം ഈ പദ്ധതിക്കായി 200000 രൂപ പിൻവലിച്ചിട്ടുമുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിരുന്നതിന്റെ വിവരം വ്യക്തമല്ല. കൺവീനർ തുക കൈപ്പറ്റിയതായോ നികുതി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല. എം ബുക്കിൽ ഇനം 12ആയി സാനിറ്ററി ഫിറ്റിംഗ്സിനായി 12340രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സാധനം വാങ്ങിയതിന്റെ ബിൽ, ഗുണഭോക്തൃ സമിതിയുടെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതകളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/17.7.2017) മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പ്രോജക്ടിൽ വകയിരുത്താതെ ബ്ലോക്ക് വിഹിതം ചെലവഴിച്ചു

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി,<br>S0 041/17 |
| അടങ്കൽ തുക | 150000 (വികസന ഫണ്ട്) |
| ചെലവ് തുക | 150000, Bill No.01/16-17 dtd 27.03.17<br>150000, ബ്ലോക്ക് വിഹിതം |

ക്ഷീരകർഷകർക്ക് പാൽ സബ്സിഡി നൽകുന്നതിന് 150000 രൂപ വികസന ഫണ്ട് വകയിരുത്തി രൂപീകരിച്ച പദ്ധതിയ്ക്കാണ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുള്ളത്. പദ്ധതിയുടെ ചെലവ് രേഖകൾ പ്രകാരം, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 150000 രൂപകൂടി പദ്ധതിയ്ക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിൽ വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മാത്രമേ ഏത് തരത്തിലുള്ള ഫണ്ടും ചെലവഴിക്കാൻ പാടുള്ളൂ എന്നിരിക്കെ (സബ്സിഡി മാർഗ്ഗരേഖ നം. 04/16/LSGD തിരുവനന്തപുരം തീയതി. 11.01.2016) ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്താതെ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയും നിർവ്വഹണ സമയത്ത് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കുകയും ചെയ്തത് ക്രമവിരുദ്ധമായ നടപടിയാണ്. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 പാലിയേറ്റീവ് കെയർ വാഹന വാടക-ക്വട്ടേഷൻ നടപടികളിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ, S0 045/17 |
| അടങ്കൽ തുക | 700000, വികസന ഫണ്ട്<br>500000, ബ്ലോക്ക് വിഹിതം |

| | |
|---|---|
| | |
| ചെലവ് തുക | 700000, വികസന ഫണ്ട്<br>(ബിൽ നം. 02/16-17/16.2.2017,<br>ബിൽ നം. 03/16-17/17.3.2017,<br>ബിൽ നം. 04/16-17/17.3.2017,<br>ബിൽ നം. 01/16-17/27.12.2016)<br>433940, ബ്ലോക്ക് വിഹിതം<br>(ചെക്ക് നം. 0898688/30.03.2017) |

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ഹോം കെയർ ടീമിന് ഭവന സന്ദർശനം നടത്തുവാൻ ദിവസ വേതനാടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ 15.03.2016-ന് ക്വട്ടേഷൻ ക്ഷണിക്കുകയും നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കപ്പെട്ട 5 ക്വട്ടേഷനുകൾ 31.03.2016-ന് തുറന്ന് പരിശോധിയ്ക്കുകയും ചെയ്തു. ക്വട്ടേഷൻ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥ ക്വട്ടേഷനുകൾ തുറന്നു പരിശോധിച്ച് ഏത് ക്വട്ടേഷനാണ് സ്വീകരിക്കാവുന്നത് എന്നത് ശുപാർശ ചെയ്തിട്ടില്ല.
2. ക്വട്ടേഷനുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയ്ക്കും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനും സമർപ്പിച്ചിട്ടില്ല.
3. 2016-17 സാമ്പത്തിക വർഷം ഹോം കെയർ ടീമിന് ഭവന സന്ദർശനം നടത്തുന്നതിനായി വാഹനം ഓടിയ ഇനത്തിൽ വാഹന വാടക കൈപ്പറ്റിയിട്ടുള്ളത്, ക്വട്ടേഷൻ നടപടിയിൽ കുറഞ്ഞ നിരക്കായ 800 രൂപ രേഖപ്പെടുത്തിയ ശ്രീ.സി.രാമൻകുട്ടിയാണ്. എന്നാൽ പ്രതിദിനം 1000 രൂപയാണ് ടിയാന് ദിവസവാടകയായി നൽകിയിട്ടുള്ളത്.
4. 2016-17 സാമ്പത്തിക വർഷം 156 ദിവസം വാഹനം ഓടിയ ഇനത്തിൽ പ്രതിദിനം 1000 രൂപ നിരക്കിൽ 156000 രൂപ ചെലവഴിച്ചിട്ടുണ്ട്. ക്വട്ടേഷൻ നടപടികൾ പൂർത്തീകരിക്കാതെയും വാഹന ഉടമയുമായി നിയമാനുസരണം കരാറിൽ ഏർപ്പെടാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ വാഹന വാടകയിനത്തിൽ ചെലവ് നടത്തിയിട്ടുള്ളത്.

31.03.2016-ന് നടന്ന ക്വട്ടേഷൻ നടപടിയിൽ സ്വീകാര്യമായ ക്വട്ടേഷൻ ശുപാർശ ചെയ്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടേയും പി.എം.സി-യുടേയും അംഗീകാരത്തിന് സമർപ്പിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 15.7.2017-ന് ഓഡിറ്റ് അന്വേഷണം (നം. 1) നൽകിയിരുന്നു. എന്നാൽ അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 156000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വാഹനം ദിവസവാടകയ്ക്ക് എടുക്കുന്നതിനായി നടത്തിയ ക്വട്ടേഷൻ നടപടിയ്ക്ക് പി.എം.സി-യുടെ അംഗീകാരം വാങ്ങാതിരുന്നതിനും തുടർന്ന് നടപടിക്രമങ്ങൾ പാലിക്കാതെ ഈയിനത്തിൽ ചെലവ് നടത്തിയത് ക്രമവിരുദ്ധമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-9 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ, താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ടി വിവിധ സ്ഥാപനങ്ങളിൽ നൽകിയ തുകകളുടെ വിനിയോഗ വിവരവും പദ്ധതികളുടെ പൂർത്തീകരണ വിവരവും ലഭ്യമല്ല.

| ക്രമ നം | പദ്ധതിയുടെ വിവരം | ചെലവഴിച്ച തുക | നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, S0 142/17 | 104118 (വികസന ഫണ്ട്) Bill No.34/16-17 /27.03.17 94177 (വികസന ഫണ്ട്) Bill No.36/16-17 /30.03.17 38291(തനത് ഫണ്ട്) Cheque No.002891/29.03.17 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കടപ്ര (കരാറിൽ ഏർപ്പെട്ടിട്ടില്ല) |
| 2 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ, S0 140/17 | 2117163 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) Bill No.17/16-17 /02.03.17 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കടപ്ര |
| | | 120750 (വികസന ഫണ്ട്) Bill No.18/16-17/ 02.03.17 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, മണിപ്പുഴ |
| | | 410227(വികസന ഫണ്ട്) Bill No.19/16-17/ 02.03.17 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കടപ്ര |
| | | 151860 (വികസന ഫണ്ട്) Bill No.29/16-17/ 22.03.17 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കടപ്ര |
| | | 622215(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) Bill No.30/16-17/ 22.03.17 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കടപ്ര |
| ആകെ | | 3658801 | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 36,58,801 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 മരുന്നുകളും പാലിയേറ്റീവ് ഉപകരണങ്ങളും ലഭ്യമായിട്ടില്ല

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൾ, പാലിയേറ്റീവ് കെയർ എന്നീ പദ്ധതികളുടെ ഭാഗമായി മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇവ ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ വിവരം | മുൻകൂറായി നൽകിയ തുക | നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ, SO 047/17 | 100000 (റോഡിതര മെ.ഫണ്ട്) Bill No.05/16-17/ 17.03.17 | മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. |
| 2 | പാലിയേറ്റീവ് കെയർ, SO 045/17 | 16800(വികസന ഫണ്ട്) Bill No.09/16-17/ 30.03.17 | പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കുവേണ്ടി മരുന്ന് വാങ്ങുന്നതിന് നൽകി. നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. |
| | | 120000 (വികസന ഫണ്ട്) Bill No.06/16-17/ 23.03.17 | |
| | | 108200 (ബ്ലോക്ക് വിഹിതം) DD No.0898687/30.03.17 | |
| | | 158124 (ബ്ലോക്ക് വിഹിതം) DD No.0898688/30.03.17 | പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങുന്നതിന് നൽകി. നാളിതുവരെ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല. |
| | | 175000 (വികസന ഫണ്ട്) Bill No.07/16-17/ 23.03.17 | |
| | | 100000 (വികസന ഫണ്ട്) Bill No.08/16-17/ 23.03.17 | |
| ആകെ | | 778124 | |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-11 ടെണ്ടറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | വൈദ്യുതി വിളക്ക് വാങ്ങലും റിപ്പയറിംഗും, S0 098/17 |
| അടങ്കൽ തുക | 186000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക | 125992, Bill No.16/16-17 dtd 28.02.17 |

വിവിധ വാർഡുകളിൽ തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ആവശ്യകതാ നിർദ്ദേശം അനുസരിച്ച് സി.എഫ്.എൽ ലാമ്പ്, ഹോൾഡർ, അലൂമിനിയം വയർ, ഇൻസുലേഷൻ ടേപ്പ് എന്നിവ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും 05.10.2016-ലെ I(1) നമ്പർ കമ്മിറ്റി തീരുമാനം അനുസരിച്ച് കയ്യത്തറയിൽ എന്റർപ്രൈസസ്, പരുമല എന്ന സ്ഥാപനത്തിൽ നിന്ന് 125992 രൂപയുടെ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങുകയും ചെയ്തു. ഇത് സംബന്ധിച്ച ഫയലിൽ, ടെണ്ടർ നടപടികളിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങളോ വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകളോ ലഭ്യമായിട്ടില്ല. ഇവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 17.07.2017-ന് ഓഡിറ്റ് എൻക്വയറി (നം.16) നൽകിയെങ്കിലും ടെണ്ടറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 125992 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-12 തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയുള്ള തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന 12.03.2013-ലെ 65529/ഡി.സി3/12 ത.സ്വ.ഭ. സർക്കുലർ നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയില്ല. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തണമെന്ന 07.07.2010ലെ 43742/ഡി.സി.3/ 2010ത.സ്വ.ഭ. സർക്കുലർ നിർദ്ദേശവും പഞ്ചായത്ത് നടപ്പിലാക്കിയില്ല. യഥാസമയം നിർദ്ദേശം നടപ്പാക്കാത്തതുമൂലം മീറ്ററിംഗ് ചെലവിന്റെ 50% സബ്സിഡി ലഭിക്കുമായിരുന്നത് നഷ്ടമായി. തെരുവുവിളക്കുകളുടെ വൈദ്യുതിചാർജിനത്തിൽ പ്രതിവർഷം 7,88,628/- രൂപ പഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യുമായി കരാറിൽ ഏർപ്പെടുകയോ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി സംയുക്തപരിശോധനയോ നാളിതുവരെ നടത്തിയിട്ടില്ല. ഇക്കാരണത്താൽ വൈദ്യുത ചാർജ്ജിനത്തിൽ പ്രതിമാസം ഉണ്ടാകുന്ന അധികച്ചെലവ് തുടർന്ന് വരുന്നു. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന്റെ (നം-07/13.07.2017) മറുപടിയിൽ പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി അസി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാൻ തുടർവർഷങ്ങളിൽ പ്രോജക്ട് ആവിഷ്കരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കി വൈദ്യുത ചാർജ്ജിനത്തിൽ പ്രതിമാസം ഉണ്ടാകുന്ന അധികച്ചെലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 പൊതുടാപ്പുകളുടെ വെള്ളക്കരം-പ്രതിവർഷ ചെലവ് 13.17ലക്ഷം രൂപ

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഗ്രാമപഞ്ചായത്ത് പ്രതിമാസം 1,09813 രൂപ ചെലവഴിക്കുന്നുണ്ട്. ഒരു ടാപ്പിന് പ്രതിവർഷം 5250/-രൂപ നിരക്കിൽ 251 ടാപ്പുകളുടെ തുകയാണിത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി 13.10.2011ലാണ് സംയുക്തപരിശോധന നടത്തിയിട്ടുള്ളത്. പ്രസ്തുത പരിശോധനയിൽ 251 പൊതുടാപ്പുകൾ ഉപയോഗപ്രദമാണെന്ന് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. 13.10.2011ലെ പരിശോധനക്ക് ശേഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി സംയുക്ത പരിശോധനയോ പ്രവർത്തനക്ഷമമല്ലാത്ത വാട്ടർ ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുന്നതിനോ/ ഇവയുടെ വെള്ളക്കരം ഒഴിവാക്കുന്നതിനോ യാതൊരുനടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പൊതുടാപ്പുകളേക്കാൾ ഗാർഹിക കണക്ഷന് മുൻഗണന നൽകണമെന്നും അപ്രകാരം ചെയ്ത

ശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ ക്രമേണ നിർത്തലാക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയുടെ [ജി.ഒ.(എം.എസ്)362/2013തീയതി 16.11.2013] അനുബന്ധം 1 ഖണ്ഡിക നം (8) ൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശവും പഞ്ചായത്ത് പാലിച്ചിട്ടില്ല. ഇപ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷന് നൽകുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചും, സംയുക്തപരിശോധന നടത്തിയും പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 ആശ്രയ ഭവന നിർമ്മാണം-ആദ്യ ഗഡു കൈപ്പറ്റിയവർ നിർമ്മാണം തുടങ്ങിയിട്ടില്ല

2015-16 സാമ്പത്തിക വർഷം ആശ്രയ ഭവന പദ്ധതിയുടെ (പ്രോജക്ട് നം.024/15-16) ഭാഗമായി സർക്കാരുമായി കരാറിൽ ഏർപ്പെട്ട 4 ഗുണഭോക്താക്കളിൽ 2 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡുവായ 20000 രൂപ (ബിൽ നം.07/15-16/21.03.16) വീതം കൈപ്പറ്റിയ ശ്രീമതി ഗീത, തൈപ്പറമ്പിൽ, പരുമല; ശ്രീമതി ലാലമ്മ ബേബി, തോപ്പിൽ പടിഞ്ഞാറ്റേതിൽ, പരുമല എന്നീ ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം തുടങ്ങിയിട്ടില്ല. ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കുകയോ, നിർമ്മാണം പൂർത്തീകരിക്കുവാൻ ഗുണഭോക്താവിന് കഴിയാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-15 എസ്.സി ഭവന നിർമ്മാണം - വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

എസ്.സി ഭവന നിർമ്മാണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് പേർക്ക് നൽകുന്നതിനായി തൻവർഷം 150000 രൂപ പിൻവലിച്ചിട്ടുണ്ട്. 2014-15 വർഷം കരാർ ചമച്ച് വീട് നിർമ്മാണം ആരംഭിച്ചെങ്കിലും ഇതേ വരെയും പൂർത്തീകരിച്ചിട്ടില്ല. അനുവദിച്ച തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താക്കളുടെ വിവരം | തുക | ബിൽ നം,തീയതി |
|---|---|---|
| ശോഭാ.വി താഴത്തറ | 60000 | 185/23.02.16 |
| | 65000 | 4/16.01.17 |
| ഗീത കോട്ടക്കകത്ത് | 60000 | 790/28.03.15 |
| | 85000 | 27/22.03.17 |

ഈ വ്യക്തികളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

## 3-16 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠന ആനുകൂല്യങ്ങൾ - വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ആനുകൂല്യങ്ങൾ അനുവദിച്ചിരിക്കുന്നു.

(നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി)

ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളിൻ ഉൾപ്പെടുത്തി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, പഠനോപകരണം, സൈക്കിൾ, സ്കോളർഷിപ്പ് എന്നിവ അനുവദിച്ചിട്ടുണ്ട്.

| പ്രോജക്ട് നം./ പദ്ധതിയുടെ വിവരം | തുക | ആനുകൂല്യം ലഭിച്ച കുട്ടികളുടെ എണ്ണം |
|---|---|---|
| 29/17, 65/17 എസ്.സി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണം | 124000 | 31 |

| | | |
|---|---|---|
| 63/17, പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ധനസഹായം | 75000 | 3 |
| 66/17 വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ | 56720 | 15 |
| 67/17 ലാപ്പ് ടോപ്പ് | 327000 | 15 |
| | 582720 | |

ഇവർക്ക് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ അനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് കൂടാതെ പലർക്കും കോഴ്സ് കാലയളവ് പൂർത്തീകരിക്കുമ്പോഴാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. സാക്ഷ്യപത്രം ലഭ്യമാക്കി ഇവരുടെ അർഹത ഉറപ്പ് വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 ഐ.എ.വൈ, പി.എം.എ.വൈ -ഗുണഭോക്തൃലിസ്റ്റില്ലാതെ തുക കൈമാറുന്നു

മേൽ പദ്ധതികളിൻ ഉൾപ്പെടുത്തി താഴെ പറയും പ്രകാരമുള്ള തുകകൾ പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

| പ്രോജക്റ്റിന്റെ വിവരം | തുക | ബിൽ നം, തീയതി |
|---|---|---|
| പി.എം.എ.വൈ | 270000 | 3/16-17/24.12.2016 |
| ഐ.എ.വൈ | 525000 | 12/16-17/13.02.2017 |
| ആകെ | 795000 | |

എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള രസീത്, വിനിയോഗസാക്ഷ്യപത്രം, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. വ്യക്തമായ ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രം തുക കൈമാറുവാൻ ശ്രദ്ധിക്കേണ്ടതാണ്. തുകയുടെ കൈപ്പറ്റ് രസീത്,വിനിയോഗസാക്ഷ്യപത്രം എന്നിവ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക (795000) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 സംയുക്ത പ്രോജക്റ്റ് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

താഴെ പറയും പ്രകാരമുള്ള സംയുക്ത പദ്ധതികൾക്കായി പിൻവലിച്ച തുകകൾ അക്കൗണ്ടിൽ (TSB നം.1233) നിക്ഷേപമായി തുടരുന്നു.

| പദ്ധതികളുടെ വിവരം | നിക്ഷേപിച്ച തുകകളുടെ വിവരം | | | ചെലവഴിച്ച തുക | | | |
|---|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് വിഹിതം | ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ഗ്രാമ പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ഗ്രാമ പഞ്ചായത്ത് വിഹിതം | |
| ഗ്യാസ് ക്രിമറ്റോറിയം | | 1553262 | 400000 | | 800000 | | 1153262 |
| പാലിയേറ്റീവ് കെയർ പദ്ധതി | 500000 | | | 433940 | | | 66060 |

| | | | | | | | |
|---|---|---|---|---|---|---|---|
| എ.ബി.സി പദ്ധതി | 317805 | | | 200000 | | | 117805 |
| | | | | | | | 1337127 |

എ.ബി.സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക തനത് ഫണ്ടിലാണ് വരവ് വെച്ചിരിക്കുന്നത് എന്നതിനാൽ സംയുക്ത അക്കൗണ്ടിൽ 1219322 (1337127-117805) രൂപയാണ് നീക്കിയിരുപ്പ്. ധനകാര്യ വകുപ്പിന്റെ 23.02.17 ലെ ജി .ഒ. (പി)07/2017 നം ഉത്തരവ് പ്രകാരം ഈ അക്കൗണ്ടിൽ എല്ലാ വർഷവും അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണെന്ന നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. ആയതിനാൽ ബഹുവർഷ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും തൻവർഷം ചെലവഴിക്കും എന്ന് ഉറപ്പുള്ള തുകകൾ മാത്രം ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കേണ്ടതും മേൽ തുക പിൻവലിച്ച് സംയുക്ത പദ്ധതി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-19 ODF പ്രോഗ്രാം - വികസന ഫണ്ട് ചെലവഴിച്ചതിന് പകരം ശുചിത്വ മിഷനിൽ നിന്ന് അനുവദിച്ച തുക ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ചില്ല.

ഒ.ഡി.എഫ്. പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഗുണഭോക്താക്കളുടെ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി പദ്ധതി രൂപീകരിക്കുകയും 1814600 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വികസന ഫണ്ടിൽ നിന്ന് വകയിരുത്തിയ തുകയ്ക്ക് ആനുപാതികമായി 1067065/- രൂപ ശുചിത്വ മിഷനിൽ നിന്ന് തിരികെ ലഭിക്കുകയും ആയത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷം ഡി.പി.സി. അംഗീകാരം ലഭിച്ച വാർഷിക പദ്ധതിയിൽ ഈ ഫണ്ട് വകയിരുത്തിയിട്ടില്ല. ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച തുകയുപയോഗിച്ച് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 317805/- | തെരുവുനായ നിയന്ത്രണ പരിപാടി | 200000/- | 117805/- |
| ബ്ലോക്ക് പഞ്ചായത്ത് | 100000/- | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 1553262/- | ആധുനിക ഗ്യാസ് ശ്മശാനം | 800000/- | 753262/- |
| ജില്ലാ പഞ്ചായത്ത് | 500000/- | പാലിയേറ്റീവ് കെയർ യൂണിറ്റ് | 433940/- | 66060/- |
| ബ്ലോക്ക് പഞ്ചായത്ത് | 150000/- | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 150000/- | |
| ഗ്രാമപഞ്ചായത്ത് | 400000/- | ആധുനിക ഗ്യാസ് ശ്മശാനം | | 400000/- |
| ആകെ | | | | 1337127 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | ചലാൻ നമ്പർ | തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കോസ്റ്റ് ഫോർഡ് | പൊതു ശ്മശാനം | 898681/24.03.2017 | 800000 | ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ | ഖണ്ഡിക 3-9 ൽ | 3658801 | ലഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| | മാറ്റി സ്ഥാപിക്കൽ | ഉൾപ്പെടുത്തിയിട്ടുണ്ട്. | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ / വിനിയോഗം /വായ്പ തിരിച്ചടവ് എന്നിവയുടെ വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് കാലയളവിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2-1 | 1250 | മാനേജർ, SCB കടപ്ര | 11604102570/30.09.2016 |
| | | 1250 | മാനേജർ, IOB കടപ്ര | 11604400008/22.09.2016 |
| | | 2500 | മാനേജർ, മാവേലി സ്റ്റോർ,പരുമല | 11604103144/21.10.2016 |
| 2014-15 | 2-2 | 150 | ശ്രീമതി കല്യാണി പി.എസ്, PTS, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്. | 11604103200/25.10.2016 |
| | | 250 | ശ്രീമതി സിന്ധു, O.A, കണ്ണശ്ശ എൽ.പി.സ്കൂൾ, കടപ്ര | 11604103190/25.10.2016 |
| 2014-15 | 2-3 | 22750 | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, | 11604460009/11.11.2016<br>116044600010/11.11.2016 |

| | | | | |
|---|---|---|---|---|
| | | | കടപ്ര | |
| ആകെ | | 28150 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-9 | 2003-04 | 3.3.7 | മണൽ ലേലം ഇനത്തിൽ തുക ഈടാക്കിയിട്ടില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48298418 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37935456 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 63989 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4935793 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4(2) | 41940 | ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 22049 | ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 63989 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 200000 | ശ്രീമതി. ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 156000 | ഡോ. രേഖ.എൻ. രവീന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-9 | 3658801 | ശ്രീ. പി.ജി. അജയകുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 3-11 | 125992 | ശ്രീ. പി.ജി. അജയകുമാർ, സെക്രട്ടറി |
| 3-17 | 795000 | ശ്രീ. സി.പി. സനൽകുമാർ, അസിസ്റ്റന്റ് സെക്രട്ടറി. |
| | 4935793 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | ഇനം | തുക |
|---|---|---|
| 2-7 | വാറ്റ് | 368 |
| 2-8 | വാറ്റ് | 33508 |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-1

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ | അസി. എഞ്ചിനീയർ, കടപ്ര ഗ്രാമപഞ്ചായത്ത് | ഓമന.കെ.പി. ഭാസ്കരവിലാസം, അട്ടച്ചാക്കൽ പി.ഒ. കോന്നി. |
| ഡോ. രേഖ.എൻ. രവീന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | നോഡൽ ഓഫീസർ, എസ്.എച്ച്.ആർ.സി. തിരുവനന്തപുരം | TC- 6/1448 (1) ദേവാമൃതം, തിരുവിളക്കൽ പി.ഒ. തിരുവനന്തപുരം-31. |
| ശ്രീ. പി.ജി. അജയകുമാർ, സെക്രട്ടറി | സെക്രട്ടറി, കുളത്തൂർ ഗ്രാമപഞ്ചായത്ത് | പ്രണവം, പനച്ചമൂട്, നെടുമങ്ങാട്. പി.ഒ. |
| ശ്രീ. സി.പി. സനൽകുമാർ, അസിസ്റ്റന്റ് സെക്രട്ടറി. | സെക്രട്ടറി, ആനിക്കാട് ഗ്രാമപഞ്ചായത്ത് | ഉഴപ്പിൽ ശങ്കരം, പരുമല പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം |
|---|---|---|
| 1 | 1995-96 | എൽ.എഫ്.പി.റ്റി.എ. പി3-590/96 തീയതി.10-7-1997 |
| 2 | 1997-98 | എൽ.എഫ്.പി.റ്റി.എ. പി4-621/02 തീയതി.7-02-03/10-04-03 |
| 3 | 2001-02 | എൽ.എഫ്.പി.റ്റി.എ. പി4-536/03 തീയതി.11-02-04/30-04-04 |

| | | |
|---|---|---|
| 4 | 2001-02 ചെലവ് | എൽ.എഫ്.പി.റ്റി.എ. പി4-474/05 തീയതി.15-10-05/07-12-05 |
| 5 | 2003-04 | എൽ.എഫ്.പി.റ്റി.എ. പി6-850/09 തീയതി.27-02-10/29-10-11 |
| 6 | 2004-05 | എൽ.എഫ്.പി.റ്റി.എ. പി6-697/10 തീയതി.2-11-11/05-02-13 |
| 7 | 2005-06 | എൽ.എഫ്.പി.റ്റി.എ. പി6-698/10 തീയതി.21-11-11/05-02-13 |
| 8 | 2006-07 | എൽ.എഫ്.പി.റ്റി.എ. പി7-793/11 തീയതി.20-12-11/05-02-13 |
| 9 | 2007-08 | എൽ.എഫ്.പി.റ്റി.എ. പി7-793(A)/11 തീയതി.21-12-11/05-02-13 |
| 10 | 2008-09 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ. പി11-38/13 തീയതി.23-03-13/27-07-13 |
| 11 | 2012-13, 2013-14 | എൽ.എഫ്.പി.റ്റി.എ. പി4-885/14 തീയതി.14-11-14/18-11-14 |
| 12 | 2014-15 | കെ.എസ്.എ.പി.റ്റി.എ പി4/685/16 തീയതി. 23.6.2016 |
| 13 | 2015-16 | കെ.എസ്.എ.പി.റ്റി.എ പി4/1383/2016 തീയതി 03.01.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure

# AUDIT CERTIFICATE

No.K.S.A.PTA.P4/915/17 Dated : 26.8.2017

Certified that I have examined the Annual Financial Statement of Kadapra Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kadapra Grama Panchayat for the year 2016-17 except the observations in the para...1-3.... of my report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി 4/915/17 തീയതി : 26.8.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കടപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട